(ഇ) തിരുവനന്തപുരം ജില്ലയിലെ പൊൻമുടി ഗസ്റ്റ് ഹൗസിലെ ഭൂരിഭാഗം മുറികളും താമസയോഗ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഗസ്റ്റ് ഹൗസ് ഈ അവസ്ഥയിലായിട്ട് എത്ര കാലമായിയെന്നും അവസാനമായി അറ്റകുറ്റപ്പണികൾ നടത്തിയത് എന്നാണെന്നും വെളിപ്പെടുത്തുമോ ;

(ജി) പൊൻമുടി ഗസ്റ്റ് ഹൗസ് അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എച്ച്) നവീകരണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗസ്റ്റ് ഹൗസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം 'എ' ആയി ചേർക്കുന്നു. ഗസ്റ്റ് ഹൗസുകളുടെ വാടക നിരക്ക് അനുബന്ധം 'ബി' യിൽ ചേർത്തിരിക്കുന്നു.*

(ബി&സി) അനുബന്ധം 'എ'യിൽ ചേർത്തിട്ടുണ്ട്.*

(ഡി) നടത്താറുണ്ട്. പ്രസ്തുത പണികളുടെ ചുമതല സംസ്ഥാന പൊതുമരാമത്ത് വകുപ്പിനാണ് നൽകിയിട്ടുള്ളത്. എന്നാൽ ചില ഗസ്റ്റ്ഹൗസുകളുടെ അറ്റകുറ്റപ്പണികൾ വിനോദസഞ്ചാര വികസന കോർപ്പറേഷനേയും ഏൽപ്പിച്ചിരുന്നു.

(ഇ) ഉണ്ട്.

(എഫ്) 2004 കാലയളവ് വരെ വാർഷിക അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നടത്തിയിട്ടുണ്ട്.

(ജി) ഉണ്ട്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ഒരു കോടി രൂപ അടങ്കൽ വരുന്ന എസ്റ്റിമേറ്റ് വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് മേൽനടപടി കൈക്കൊള്ളുന്നതാണ്.

(എച്ച്) സംസ്ഥാന പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. കാലതാമസം കൂടാതെ നടപടികൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം

97 (4720) ശ്രീ. കെ. വി. കുഞ്ഞിരാമൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഉദുമയിൽ പ്രവർത്തിക്കുന്ന ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം സൗജന്യമായി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കെട്ടിട നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാനാകും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഹോസ്ദുർഗ്ഗ് താലൂക്കിൽ ബാര വില്ലേജിൽപ്പെട്ടതും ശ്രീ. കല്ലട മാഹിൻ ഹാജി എന്നയാളുടെ കൈവശമുള്ളതുമായ മുപ്പത് സെന്റ് സ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ബേക്കൽ ഡസ്റ്റിനേഷന്റെ പരിധിയിൽ വരുന്നതും, കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയേയും നാഷണൽ ഹൈവേയേയും തമ്മിൽ ബന്ധിപ്പിക്കുന്നതുമായ ചട്ടഞ്ചാൽ-കളനാട് പി.ഡബ്ല്യു.ഡി. റോഡിൽ മാങ്ങാട് ജംഗ്ഷനിൽ നിന്ന് മാങ്ങാട്-മുല്ലശ്ശേരി റോഡിൽ 600 മീറ്റർ മാറിയാണ് സ്ഥിതി ചെയ്യുന്നത്.

(ബി) ഉണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനായി ബേക്കൽ റിസോർട്ട്സ് ആന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ (BRDC) ഏൽപ്പിച്ചിട്ടുണ്ട്. 65 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപടികൾ എടുത്തുവരുന്നു.

(സി) എത്രയും പെട്ടെന്നുതന്നെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയും വാർഡ് വിഭജനവും

98 (4721) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരാൻ പോകുന്ന തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയും വാർഡ് വിഭജനവും അശാസ്ത്രീയവും വ്യാപകമായി ക്രമക്കേടുകൾ നിറഞ്ഞതാണെന്നതും സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) വോട്ടർ പട്ടികയിലേയും വാർഡ് വിഭജനത്തിലേയും ക്രമക്കേടുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച് ഇതുവരെ എത്ര പരാതികൾ ലഭിച്ചു ; എത്ര എണ്ണം തീർപ്പ് കൽപ്പിച്ചു ;

(ഡി) ഈ ആക്ഷേപങ്ങൾ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നിയോജകമണ്ഡലങ്ങളായി വിഭജിക്കുന്നതിനും അപ്രകാരമുള്ള നിയോജക

LIBRARY ARCHIVES Kerala Legislative Assembly